REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 24-06-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ഒരു നൂറ്റാണ്ടിന് മുൻപ് മഹാത്മാ ഗാന്ധിയും ശ്രീനാരായണഗുരുവും ശിവഗിരിയിൽ നടത്തിയ കൂടിക്കാഴ്ച വികസിത ഭാരത ലക്ഷ്യങ്ങൾക്ക് ഊർജം പകർന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- പശ്ചിമേഷ്യയിലെ ദശലക്ഷക്കണക്കിന് പേർക്ക് ആശ്വാസം നൽകി ഇറാൻ- ഇസ്രയേൽ താത്ക്കാലിക വെടിനിർത്തൽ കരാർ നിലവിൽ വന്നു.
- അഹമ്മദാബാദ് വിമാനദുരന്തത്തിൽ മരിച്ച മലയാളി നഴ്സ് രഞ്ജിതയുടെ മൃതദേഹം രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചു- സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ.
- തിരുവനന്തപുരം SUT ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ V.S അച്യുതാനന്ദനെ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു.
- ഇന്ത്യ - ഇംഗ്ലണ്ട് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മാച്ചിൽ 371 റൺസ് വിജയലക്ഷ്യത്തോടെ ഇംഗ്ലണ്ട് ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും.

## വാർത്തകൾ വിശദമായി

ഒരു നൂറ്റാണ്ടിന് മുൻപ് മഹാത്മാ ഗാന്ധിയും ശ്രീനാരായണഗുരുവും ശിവഗിരിയയിൽ നടത്തിയ കൂടിക്കാഴ്ച വികസിത ഭാരത ലക്ഷ്യങ്ങൾക്ക് ഊർജം പകർന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

ഗാന്ധിജിയുടെയും ശ്രീനാരായണ ഗുരുവിന്റെയും കൂടിക്കാഴ്ച ഇന്നും പ്രസക്തമാണെന്നും, രാജ്യത്തിന്റെ ഇതിഹാസം ഓർമിപ്പിക്കുന്ന ദിനമാണ് ഇതെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ മഹാത്മാഗാന്ധി - ശ്രീനാരായണ ഗുരു കൂടിക്കാഴ്ചയുടെ നൂറാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

.......(P.M VOICE).............

സ്ത്രീശാക്തീകരണത്തിന് മുന്നിട്ടിറങ്ങിയ സന്യാസിവര്യനായിരുന്നു ശ്രീനാരായണ ഗുരുവെന്നും അദ്ദേഹത്തിന്റെ ലക്ഷ്യം പിന്തുടർന്നാണ് കേന്ദ്രം സ്ത്രീപക്ഷ മുന്നേറ്റങ്ങൾക്ക് വഴിയൊരുക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോകത്തെ മൂന്നാം സാമ്പത്തിക ശക്തിയാക്കി ഇന്ത്യയെ മാറ്റാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ശ്രീനാരായണ ഗുരുവിലൂടെ വർക്കല മഠം ദക്ഷിണ കാശിയായി മാറിയെന്നും ഉദ്ഘാടന പ്രസംഗത്തിൽ പ്രധാനമന്ത്രി വിശേഷിപ്പിച്ചു.

മഹാത്മാ ഗാന്ധിയുടെ സന്ദർശനത്തിനിടെ ശിവഗിരി മഠത്തിൽ 1925 മാർച്ച് 12 നാണ് ഇരുവരും കൂടിക്കാഴ്ചയും സംഭാഷണവും നടത്തിയത്. വൈക്കം സത്യഗ്രഹം, മതപരിവർത്തനം, അഹിംസ, അയിത്തോച്ചാടനം, മോക്ഷപ്രാപ്തി, അധഃസ്ഥിതരുടെ ഉന്നമനം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ഇരുവരുടേയും ചർച്ച.

രണ്ട് ചരിത്രപുരുഷന്മാർക്കിടയിലെ പ്രചോദനാത്മകമായ സംവാദത്തെ അനുസ്മരിക്കാനും, സാമൂഹിക നീതി, ഐക്യം തുടങ്ങിയ ആദർശങ്ങളെ ഉയർത്തിക്കാട്ടാനും ലക്ഷ്യമിട്ടാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, പാർലമെന്റ് അംഗം അടൂർ പ്രകാശ്, ശിവഗിരിമഠ ഭാരവാഹികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

പശ്ചിമേഷ്യയിലെ ദശലക്ഷക്കണക്കിന് പേർക്ക് ആശ്വാസം നൽകി ഇറാൻ-ഇസ്രയേൽ താൽക്കാലിക വെടിനിർത്തൽ കരാർ നിലവിൽ വന്നു. 12 ദിവസത്തെ യുദ്ധത്തിന് സമാധാനം തേടി രണ്ട് രാജ്യങ്ങളും അമേരിക്കൻ ഭരണകൂടത്തെ സമീപിച്ചതായി ഡൊണാൾഡ് ട്രംപ് അറിയിച്ചു.

ഇറാന്റെ ആണവകേന്ദ്രങ്ങളിൽ US ന്റെ മിസൈൽ ആക്രമണത്തിനു മറുപടിയായി ഖത്തറിലെ സൈനിക കേന്ദ്രത്തിലേക്ക് ഇറാനും ആക്രമണം നടത്തിയിരുന്നു. ഇതിനു ശേഷമാണ് ഇറാന്റെ ദേശീയ മാധ്യമങ്ങൾ വെടിനിർത്തൽ നിലവിൽ വന്നതായി പ്രഖ്യാപിച്ചത്.

ഇന്നലെ വരെ 865 പേർ ഇറാനിൽ കൊല്ലപ്പെട്ടതായാണ് മനുഷ്യാവകാശ സംഘടനകളുടെ റിപ്പോർട്ട്.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷ പശ്ചാത്തലത്തിൽ ഇറാനിൽ നിന്ന് ഓപ്പറേഷൻ സിന്ധു ദൗത്യത്തിലൂടെ 2,295 ഇന്ത്യൻ പൗരന്മാരെ രാജ്യത്തെത്തിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇറാനിലെ മഷ്ഹദിൽ നിന്ന് പ്രത്യേക വിമാനത്തിൽ 292 ഇന്ത്യക്കാരെ ന്യൂഡൽഹിയിൽ പുലർച്ചെ എത്തിച്ചതായി രാജ്യരക്ഷാ മന്ത്രാലയ വക്താവ് രൺധീർ ജെയ്സ്വാൾ അറിയിച്ചു. വിമാനത്തിൽ 12 വിദ്യാർഥികൾ അടക്കം 14 മലയാളികളുണ്ട്.

ലോകരാജ്യങ്ങളിൽ ആദ്യമായി പൗരന്മാരെ സുരക്ഷിതരായി നാട്ടിലെത്തിക്കുന്നത് ഇന്ത്യയാണെന്ന് വ്യോമസേനാകേന്ദ്രങ്ങൾ അറിയിച്ചു.

ഇസ്രയേലിൽ നിന്ന് 165 ഇന്ത്യക്കാരെയും ഓപ്പറേഷൻ സിന്ധു ദൗത്യത്തിൽ നാട്ടിലെത്തിച്ചിട്ടുണ്ട്. അമ്മാനിൽ നിന്ന് പുറപ്പെട്ട വിമാനം പുലർച്ചെ ന്യൂഡൽഹിയിൽ ഇറങ്ങി. രാജ്യത്ത് എത്തിയവരെ കേന്ദ്രസഹമന്ത്രി ഡോ. L മുരുകൻ വിമാനത്താവളത്തിൽ സ്വാഗതം ചെയ്തു. വ്യോമസേന ജോർദ്ദാനിൽ നിന്നും, ഈജിപ്തിൽ നിന്നും ഇന്ത്യയിലെയും, സുഹൃദ് രാജ്യങ്ങളിലെയും പൗരന്മാരെ തിരികെയെത്തിക്കാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.

✪✪✪

ഭീകരവിരുദ്ധ പോരാട്ടങ്ങളിൽ ഇന്ത്യൻ സേനയെ കൂടുതൽ സജ്ജമാക്കാൻ 1,981 കോടി രൂപയുടെ അടിയന്തര സംഭരണത്തിന് രാജ്യരക്ഷാമന്ത്രാലയം അനുമതി നൽകി. 13 കരാറുകൾക്കാണ് അംഗീകാരം നൽകിയത്. സംയോജിത ഡ്രോൺ തിരിച്ചറിയൽ സംവിധാനം, ഭാരം കുറഞ്ഞ ലോ-ലെവൽ റഡാറുകൾ, ഹ്രസ്വദൂര വ്യോമ സുരക്ഷാ സംവിധാനവും-ലോഞ്ചുകളും, മിസൈലുകളും ഇവയിലുൾപ്പെടുന്നു.

✪✪✪

ഇറാൻ- ഇസ്രയേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂരിൽ നിന്ന് അന്താരാഷ്ട്ര വിമാനസർവീസുകളിൽ മാറ്റം വരുത്തി. യാത്രയ്ക്കു മുമ്പ് സർവീസുകളും സമയവും യാത്രക്കാർ ഉറപ്പുവരുത്തണമെന്ന് വിമാനക്കമ്പനി അധികൃതർ നിർദ്ദേശം നൽകി.

✪✪✪

അഹമ്മദാബാദ് വിമാനദുരന്തത്തിൽ മരിച്ച മലയാളി നഴ്സ് രഞ്ജിതയുടെ മൃതദേഹം രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചു. മന്ത്രിമാരായ V. ശിവൻകുട്ടിയുടെയും, G.R അനിലിന്റെയും നേതൃത്വത്തിൽ മൃതദേഹം ഏറ്റുവാങ്ങി.

തുടർന്ന് വിമാനത്താവളത്തിൽ നിന്ന് റോഡ് മാർഗം മൃതദേഹം സ്വദേശമായ പത്തനംതിട്ട പുല്ലാട്ട് എത്തിച്ചു. അവിടെ രഞ്ജിത പഠിച്ച ശ്രീവിവേകാനന്ദ ഹൈസ്കൂളിൽ പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ നൂറുകണക്കിന്

പേർ അന്തിമോപചാരമർപ്പിച്ചുവരികയാണ്. മന്ത്രി V.N വാസവൻ ഉൾപ്പെടെ പ്രമുഖരും സ്കൂളിലെത്തി രഞ്ജിതക്ക് അന്തിമോപചാരമർപ്പിച്ചു.

ഉച്ചക്ക് 2.30 വരെ പൊതുദർശനം തുടരും. തുടർന്ന് 4.30ന് വീറ്റ്ടുവളപ്പിൽ സംസ്കരിക്കും.

✪✪✪

അടിയന്തരാവസ്ഥയുടെ കറുത്ത നാളുകൾ ഓർമ്മിപ്പിച്ച് നാളെ സംവിധാൻ ഹത്യ ദിവസ് ആചരിക്കും. 1975 ജൂൺ 25 ന് ഭരണഘടന സസ്പെൻഡ് ചെയ്ത് ഏർപ്പെടുത്തിയ അടിയന്തരാവസ്ഥയുടെ കറുത്ത നാളുകളിൽ ഇരകളായി മാറിയ ഓരോരുത്തർക്കും ശ്രദ്ധാഞ്ജലിയർപ്പിച്ചാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഭരണകൂടത്തിന്റെ അധികാര ദുർവിനിയോഗത്തിന്റെയും അതിന് ഇരകളായ ആയിരങ്ങളുടെ ദുർവിധിയും ഓർമ്മിപ്പിക്കുന്നതാണ് സംവിധാൻ ഹത്യ ദിവസ്. കഴിഞ്ഞ വർഷമാണ് കേന്ദ്രഗവൺമെന്റ് ജൂൺ 25 സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കാൻ തീരുമാനിച്ചത്. ഭാവിയിൽ ഒരിക്കൽ കൂടി ഭരണകൂട ഭീകരത ആവർത്തിക്കാതിരിക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കാനും, പ്രതിബദ്ധരാക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണ പരിപാടികൾ. ഏകാധിപത്യ മനോഭാവത്തോടെ ഇന്ദിരാഗാന്ധി ഭരണകൂടം 18 മാസമാണ് ഇന്ത്യൻ ജനതയെ അധികാരത്തിന്റെ പിന്നാമ്പുറങ്ങളിൽ തളച്ചിട്ടത്. ലക്ഷക്കണക്കിനാളുകളെ അവർ ചെയ്യാത്ത കുറ്റത്തിന് തുറുങ്കിലടയ്ക്കുകയും, മാധ്യമങ്ങളുടെ വായ അടച്ചുകെട്ടുകയും ചെയ്തു. ജനാധിപത്യത്ത തിരികെ കൊണ്ടുവരാൻ ശ്രമിച്ച ദശലക്ഷങ്ങളുടെ പോരാട്ടത്തെ അനുസ്മരിക്കാനും, ആദരിക്കാനും കൂടി ദിനാചരണം ലക്ഷ്യമിടുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്റെയും, ജനാധിപത്യത്തിന്റെയും അനശ്വര ദീപം അണയാതെ സൂക്ഷിക്കാൻ എല്ലാ ഇന്ത്യക്കാരെയും പ്രബുദ്ധരാക്കുകയാണ് ദിനാചരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

✪✪✪

തിരുവനന്തപുരം SUT ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ V.S അച്യുതാനന്ദനെ സന്ദർശിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രിയിലെത്തി. ഡോക്ടർമാരുമായും അച്യുതാനന്ദന്റെ മകൻ അരുൺകുമാറുമായും

അദ്ദേഹം സംസാരിച്ചു. ഇന്നലെയാണ് ഹൃദയാഘാതത്തെ തുടർന്ന് VS നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അച്യുതാനന്ദന്റെ ആരോഗ്യനില വിലയിരുത്തുന്ന മെഡിക്കൽ ബോർഡ് യോഗം ആരംഭിച്ചു. അല്പസമയത്തിനകം മെഡിക്കൽ ബുള്ളറ്റിൻ പുറപ്പെടുവിച്ചേക്കും.

✪✪✪

സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്ത് മൂന്ന് വർഷം കൊണ്ട് മൂന്നര ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങിയെന്ന് മന്ത്രി P രാജീവ് അറിയിച്ചു. ഇതിലൂടെ ഏഴേകാൽ ലക്ഷം തൊഴിലവസരങ്ങളും, 22,688 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായതായി അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് SBI വഴി PRS വായ്പാ വിതരണം അടുത്ത ദിവസങ്ങളിൽ ആരംഭിക്കുമെന്ന് മന്ത്രി GR അനിൽ പാലക്കാട്ട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

പലിശ സംബന്ധിച്ച ധാരണ ആകാത്തതിനെ തുടർന്നാണ് കരാർ പുതുക്കൽ വൈകിയതെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മാച്ചിൽ 371 റൺസ് വിജയലക്ഷ്യത്തോടെ ഇംഗ്ലണ്ട് ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും.

ഇന്നലെ നാലാം ദിവസത്തെ കളിയവസാനിക്കുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റ് നഷ്ടപ്പെടാതെ 21 റൺസെടുത്തിരുന്നു. അവസാനദിവസമായ ഇന്ന് ഇംഗ്ലണ്ടിന് 350 റൺസ് കൂടി നേടിയാലെ വിജയിക്കാനാകൂ.

✪✪✪

AFC വനിതാ ഏഷ്യൻകപ്പ് ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്നലെ ഇന്ത്യ, മംഗോളിയയെ മറുപടിയില്ലാത്ത 13 ഗോളിന് തോൽപ്പിച്ചു. അടുത്ത ഞായറാഴ്ച തിമോർ ലെസ്റ്റയുമായാണ് ഗ്രൂപ്പ് B യിൽ ഇന്ത്യയുടെ മത്സരം.

✪✪✪

നിലമ്പൂരിലെ ഉപതിരഞ്ഞെടുപ്പ് വിജയം സംസ്ഥാന ഗവൺമെന്റിനെതിരായ വിധിയെഴുത്താണെന്ന് ആര്യാടൻ ഷൗക്കത്ത് മലപ്പുറം പാണക്കാട്ട് അറിയിച്ചു. PV അൻവറിനെ UDF ൽ എടുക്കുന്ന കാര്യത്തിൽ മുന്നണി നേതൃത്വമാണ് തീരുമാനമെടുക്കേണ്ടതെന്ന് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് അദ്ദേഹം മറുപടി നൽകി. പാണക്കാടെത്തി മുസ്ലീം ലീഗ്

**സംസ്ഥാന പ്രസിഡണ്ട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുമായി കൂടിക്കാഴ്ച നടത്തിയശേഷം മാധ്യമങ്ങളെ കാണുകയായിരുന്നു ഷൗക്കത്ത്.**

**✪✪✪**

**സംസ്ഥാനത്തെ സാധാരണ ജനങ്ങളെ മറന്ന ഗവൺമെന്റാണ് LDFന്റേതെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. നിലമ്പൂരിൽ സാധാരണക്കാരുടെ വിധിയെഴുത്താണ് ഉണ്ടായതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.**

**✪✪✪**

**നിലമ്പൂർ വിജയം ഗവൺമെന്റ് വിരുദ്ധ വികാരമാണെന്ന് മുസ്ലീംലീഗ് നേതാവ് ഡോ.M.K മുനീർ പത്തനംതിട്ടയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇടതു പഞ്ചായത്തുകൾ പോലും അവർക്കെതിരായി വോട്ടുചെയ്തു. LDF ഗവൺമെന്റ് കാവൽ ഗവൺമെന്റ് ആയി മാറി മാറിയെന്നും, തോൽവിയെ കുറിച്ച് മുഖ്യമന്ത്രി ആലോചിക്കണമെന്നും ഡോ. മുനീർ പറഞ്ഞു.**

**✪✪✪**

---

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT: അനിൽ ചന്ദ്രൻ*
*DEO: ഷീബ*